**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ വിദഗ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് സംവിധാനം ശക്തമാക്കണമെന്ന ബാങ്കിംഗ് വിദഗ്ധരുടെ ആവശ്യം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിൽ ഉള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.<br><br>കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണ ത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)- ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന രീതി വിശദമാക്കാമോ; കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും വസ്തു ഈട് നൽകി വായ്പ എടുക്കുമ്പോൾ വായ്പ തുകയുടെ ഇരട്ടി മതിപ്പ് വിലയുള്ള ഭൂമി ഈടായി സ്വീകരിക്കണം എന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദേശം നൽകിയിട്ടുണ്ട്. ടി വസ്തുവിന്റെ മൂല്യ നിർണ്ണയം നടത്തേണ്ടത് ബാങ്ക് സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ജീവനക്കാരൻ |

| | | | |
|---|---|---|---|
| | | | ആയിരിക്കും. വില നിർണയ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന വിഷയം സർക്കാർ പരിഗണനയിൽ ആണ്. |
| (സി) | വസ്തുവിന്റെ മൂല്യം നോക്കി വായ്പ നൽകുന്നതിന് പകരം വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ച് വായ്പ നൽകുന്ന രീതി അവലംബിച്ചിട്ടുണ്ടോ; | (സി) | നിലവിൽ സഹകരണ ബാങ്കുകൾ വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ചാണ് വായ്പ നൽകുന്നത്. ഇപ്രകാരം വായ്പ നൽകുമ്പോൾ ആവശ്യമായ ഈടിന് വേണ്ടിയാണ് വസ്തു ജാമ്യമായി സ്വീകരിക്കുന്നത്. |
| (ഡി) | കാരാപ്പുഴ,കുമാരനല്ലൂർ,കണ്ടല എന്നീ സർവീസ് സഹകരണ ബാങ്കുകളിൽ കരുവന്നൂർ സഹകരണ ബാങ്കിന് സമാനമായ വായ്പാ തട്ടിപ്പ് നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | കോട്ടയം ജില്ലയിലെ സഹകരണ ബാങ്കുകളിൽ അന്വേഷണം നടത്തിയതിനെ തുടർന്ന് കാരാപ്പുഴ സർവ്വീസ് സഹകരണ ബാങ്കിൽ IMBP യിൽ അധികരിച്ച് വായ്പ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടി ട്ടുള്ളതും ന്യൂനത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുമാരനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് നിക്ഷേപ പിരിവിൽ കൃത്രിമം കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാനെതിരെ ബാങ്ക് ഭരണ സമിതി അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്തു.<br><br>കണ്ടല സർവീസ് സഹകരണ ബാങ്കിൽ ഭരണ സമിതിയുടേയും ജീവനക്കാരുടേയും പ്രവർത്തനങ്ങളിൽ ഭരണപരമായ വീഴ്ചകളും സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളുടെ ലംഘനവും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ